# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## വിശ്രമവും ആഘോഷവും കുടുംബജീവിതത്തിൽ അത്യാവശ്യം




വത്തിക്കാൻ: വിശ്രമവും ആഘോഷവും കുടുംബജീവിതത്തിലെ അത്യാവശ്യഘടക ങ്ങളാണെന്ന് ഫ്രാൻസിസ് മാർപാപ്പ. കുടുംബത്തെക്കുറിച്ചുള്ള പ്രഭാഷണപരമ്പരയിൽ പോൾ ആറാമൻ ഹാളിൽ എത്തിച്ചേർന്ന തീർത്ഥാടകരോടായി സംസാരിക്കുകയാ യിരുന്ന പാപ്പാ. ഉല്പത്തി പുസ്തകത്തിലെ പ്രപഞ്ചസൃഷ്ടിയുടെ ഭാഗം ഉദ്ധരിച്ചു കൊണ്ട് ജോലിക്കുശേഷമുള്ള വിശ്രമത്തിന്റെ ആവശ്യകതയെക്കുറിച്ചും പാപ്പാ ഉദ്ബോ ധിപ്പിച്ചു.

ഞായറാഴ്ചകളുടെ പ്രാധാന്യവും മാർപാപ്പാ എടുത്തുപറഞ്ഞു."കുടുംബത്തോട് ചേർന്നുള്ള ഞായറാഴ്ചകളിലെ ബലിയർപ്പണങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ വാഹനങ്ങളും സന്തോഷങ്ങളും കടമകളും ദിവ്യബലിയിൽ സമർപ്പിക്കുക. എന്തിന് മരണംപോലും ദിവ്യബലിയിൽ സമർപ്പിക്കുക. അത്ഭുതകരമായി നമ്മെ രൂപാന്തര പ്പെടുത്തുവാൻ ദിവ്യബലിക്ക് ശക്തിയുണ്ട്. വിശ്രമമില്ലാതെയുള്ള ജോലിയിലൂടെ ഉപഭോഗസംസ്കാരത്തിന് നാം നമ്മെത്തതന്നെ വിഴുങ്ങാൻ അനുവദിക്കുകയാണ് ചെയ്യുന്നത്. കൂടുതൽ പണം മുടക്കിയുള്ള ആഘോഷങ്ങളല്ല സന്തോഷം നൽകുന്നത് കുടുംബാംഗങ്ങൾ എല്ലാവരുംകൂടി ഒരുമിച്ചുള്ള ആഘോഷങ്ങളാണ് സന്തോഷം നല്കുന്നത്." പാപ്പാ ഓർമ്മിപ്പിച്ചു